# പ്ലാസ്റ്റിക് മലിനീകരണം ഉയർത്തുന്ന വെല്ലുവിളികൾ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ

ദിലീപ് കുമാർ (Thanal & PAN India )

======================================================



പുഴയോരത്തെ കുറ്റിക്കാടുകളിൽ അടിഞ്ഞിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ

പ്രളയത്തെത്തുടർന്നു നമ്മുടെ ചുറ്റുപാടും അടിഞ്ഞുകൂടിയ മാലിന്യത്തെ കൈകാര്യംചെയ്യുന്നതുമായി ബന്ധപ്പെട്ടു പലതരത്തിലുള്ള പ്രവർത്തനങ്ങളും ചർച്ചകളൊക്കെ നാം കണ്ടിട്ടുണ്ട്. ആളുകൾ അധിവസിക്കുന്ന മേഖലകളിൽ ഇത്തരത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളെ ശേഖരിച്ചു നിർമാർജനം ചെയ്യാനുള്ള ശ്രമങ്ങൾ സർക്കാർ തലത്തിലും പൊതുസമൂഹമെന്ന രീതിയിലും നടന്നിട്ടുണ്ട്. പക്ഷെ, ജനവാസകേന്ദ്രങ്ങളല്ലാത്തമേഖലകളിലും അടിഞ്ഞുകൂടപ്പെട്ട മാലിന്യങ്ങൾ, പ്രത്യേകിച്ചും അഴുകാത്ത ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിക്കുന്നതിനോ നിർമാർജനം ചെയ്യുന്നതിനോ വേണ്ടിയിട്ടുള്ള ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല എന്നാണ് കാണുന്നത്.

പ്രളയശേഷം വയനാടിന്റെ വിവിധമേഖലകളിൽ സഞ്ചരിച്ചപ്പോ ൾ കണ്ടിട്ടുള്ള ദൃ ശ്യങ്ങ ളാണ് ചുവ ടെ . (കേരള ത്തിന്റെമറ്റു പ്രദേശ ങ്ങ ളിലും സ്ഥിതി സമാനമായിരിക്കും). ഇത്തരം മാലിന്യങ്ങൾ പ്രളയത്തെത്തുടർന്നു മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്നല്ല, മറിച്ചു, ഓരോ മഴയ്ക്ക് ശേഷവും അല്ലെങ്കിൽ മഴക്കാലം കഴിയുമ്പോ ഴും നമ്മുടെ ചുറ്റുപാടും ഇത്ത രത്തിൽ മാലിന്യ ങ്ങ ൾ അടിഞ്ഞുകൂടുന്നത് നാം കാണുന്നുണ്ട്. പക്ഷെ, പ്രളയത്തെത്തുടർന്നു സാധാരണ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ മാലിന്യങ്ങൾ, പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യങ്ങൾ നമ്മുടെ ചുറ്റും കാണാൻ പാട്ടും. തോടുകളിലും പുഴയോരത്തുമു ള്ള സസ്യലതാദികളിൽ കുടുങ്ങിക്കിടക്കു ന്ന രീതിയിൽ, മറ്റു ജലാശയങ്ങളിൽ, കൃഷിയിടങ്ങളിൽ, എന്നിങ്ങിനെ വിവിധ തലങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കാണാം.

ഈ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സ്വഭാവം എന്താ ണ്? നോക്കൂ, ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഡിസ്പോസിബിൾ പ്ലേറ്റുകളും ഗ്ലാസുകളും, ഭക്ഷണ വസ്തുക്കൾ പാക്ക് ചെയ്തുവരുന്ന പ്ലാസ്റ്റിക് സഞ്ചികളും പ്ലാസ്റ്റിക്ക് കുപ്പികളും, കീടനാശിനികളുടെ കുപ്പികളും പായ്ക്കറ്റുകളുമാണ് ഇവയിലധികവും. യാതൊരു ഗുണ മേന്മ യും ഇ ല്ലാ ത്ത, ഏറ്റ വും ത രം താണ പ്ലാസ്റ്റിക്കുക ളാണ് ഇവ . സസ്യലതാതികളിലും, മണ്ണിലും വേലികളിലും കൃഷിയിടങ്ങളിലും എല്ലാം കുടു ങ്ങി ക്കി ട ക്കു ന്ന ഈ പ്ലാസ്റ്റിക്ക് മാലിന്യ ങ്ങ ൾ എന്ത് ത ര ത്തിലുള്ള പ്രശ്നങ്ങളാകും സൃഷ്ടിക്കുക? വെയിലും മഴയും ചൂടും തണുപ്പും ഏറ്റുകിടക്കുന്ന ഇവയ്ക്കു എന്ത് മാറ്റമായിരിക്കും സംഭവിക്കുക?

മാരകമായ ആരോഗ്യപ്ര ശ്നങ്ങൾക്ക് കാരണമാകുന്ന നൂറുകണക്കിന് രാസവസ്തുക്കൾ പ്ലാസ്റ്റിക് ഉല്പന്നങ്ങളിലും മാലിന്യങ്ങളിലും അടങ്ങിയിട്ടുണ്ട്. അ ന്ത രീക്ഷ ത്തി ലെ താ പ നില യി ലും ആ ർ ദ്രത യി ലും ഉ ണ്ടാ കു ന്ന ഏറ്റക്കുറച്ചിലുകൾക്കു വിധേയമായി, പ്ലാസ്റ്റിക് സഞ്ചികളിൽ അടങ്ങിയിട്ടുള്ള വിഷങ്ങൾ കാലക്രമേണ വായുവിലേയ്ക്കും മണ്ണിലെയ്ക്കും ജലത്തിലേക്കും എത്തപ്പെടാൻ സാധ്യതയുണ്ട്. കീടനാശിനികളുടെ കുപ്പി/പായ്ക്കറ്റുകളിൽ നിന്നും മാരകമായ ഈ വിശ്നങ്ങളു ടെ അംശങ്ങളും ഇത്തരത്തിൽ ചാറ്റുപാടിലേക്ക് എത്തും. ആ ഗോള താ പ ന ത്തി ന്റെ ഫ ല മാ യി വ ർ ധി ച്ചു വ രു ന്ന ചൂ ടും കൂടിയാകുമ്പോൾ ഈ പ്രക്രിയയുടെ വേഗത കൂടുകളെയും ചുരുങ്ങിയ സമയത്തു തന്നെ ധാ രാ ളം വിഷ ങ്ങ ൾ അ ന്ത രീക്ഷ ത്തിലേ യ്ക്കും മ ണ്ണിലേ യ്ക്കും ജലത്തിലേക്കും എത്തപെടും. ഒന്നുകൂടി വിശദമായി പറഞ്ഞാൽ നാം ശ്വസിക്കുന്ന വാ യു വി ലേ യ്ക്കും നാം കു ടി ക്കു ക യും കു ളി ക്കു ക യും കാ ർ ഷി കാ വ ശ്യ ങ്ങ ൾ ക്കു പ യോ ഗി ക്കു ക യും ചെ യ്യു ന്ന വെ ള്ള ത്തി ലേ ക്കും , കൃഷിചെയ്യുന്ന മണ്ണിലേക്കും ഈ വിഷങ്ങൾ എത്തപ്പെടാം. സാധാരണ രീതിയിൽ തിരിച്ചറിയാൻ സാധ്യമല്ലാത്ത വിധത്തിൽ, വളരെ ചെറിയഅളവിലായിരിക്കാം ഇവ

ഉണ്ടാകുക, പക്ഷെ, ഈ ചെറിയ അളവിൽ പോലും മനുഷ്യരുൾപ്പെ ടെയുള്ള ജീവികളുടെ ശരീരത്തിൽ എത്തപ്പെടുകയും മാരകമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാലക്രമേണ കാരണമാകുകയും ചെയ്യാം. ഹോർമോൺ തകരാറുകൾ, പ്രതുൽപാദനപരമായ ആരോഗ്യ പ്രശ്നങ്ങൾ, ജനന വൈകല്യങ്ങൾ, ക്യാൻസറുകൾ, ജനിതക വൈകല്യങ്ങൾ, എന്നിവയ്ക്ക് കാരണമായേക്കാവുന്ന ഡയോക്സിനുകൾ, ബിസ്ഫെനോൾ, പ്ലാസ്റ്റിസൈസറുകൾ മുതലായ രാസവസ്തുക്കൾ പ്ലാസ്റ്റിക്കുകളിൽ നിന്നും നമ്മുടെ ചുറ്റുപാടുകളിലേക്കു എത്തപ്പെടാം, കാലങ്ങളോളം ഇവയുടെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യാം.

ആയതിനാൽ, നമുക്കു ചുറ്റും എല്ലായിടത്തും അടിഞ്ഞുകൂടപ്പെട്ട, കുടുങ്ങിക്കിടക്കുന്ന ഈ പ്ലാസ്റ്റിക് മാലിന്യങ്ങളെക്കൂടി സുരക്ഷിതമായി ശേഖരിച്ചു, സംസ്കരിക്കപ്പെടേണ്ടതായുണ്ട്, അതിനായുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ എല്ലാതലങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. ഇത് അതിസങ്കീർണ്ണവും അത്യന്തം ശ്രമകരവുമായ ഒരു പരിപാടിയായിരിക്കും. മിക്ക സ്ഥലങ്ങളിലും അടിഞ്ഞുകൂടിയ, കുടുങ്ങിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്കു മുകളിൽ സസ്യലതാദികൾ വളർന്നിട്ടുണ്ടാകും ഇപ്പോൾ. പക്ഷെ ഉപേക്ഷകാണിച്ചാൽ അതിന്റെ കെടുതികൾ ഭീകരവുമായിരിക്കും, പ്രത്യേകിച്ചും കാലാവസ്ഥാവ്യതിയാനത്തിന്റെയും വർധിച്ചുവരുന്ന ചൂടിന്റെയും സാഹചര്യത്തിൽ.

മറ്റൊരു പ്രധാന വിഷയം വെള്ളത്തോടൊപ്പം ഒഴുകി വലിയ ജലാശയങ്ങളി ലും കടലിലും എത്തപ്പെട്ടിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളാണ്, പ്രളയത്തെത്തുടർന്നു മാത്രമല്ല, കാലങ്ങളായി ഇത്തരത്തിൽ മാലിന്യങ്ങൾ കടലിലും മറ്റും അടിഞ്ഞു കൂടിയിട്ടുണ്ട്. ഈ അടുത്തകാലത്തായി പുറത്തുവന്ന ഒരു ഗവേഷണഫലം അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്നതാണ്. ബോംബേ ഐ ഐ ടി യുടെ പഠനത്തിൽ നാം ഉപയോഗിക്കുന്ന ഉപ്പിൽ പ്ലാസ്റ്റിക്കിന്റെ സൂക്ഷ്മ കണങ്ങൾ കണ്ടെത്തി എന്നതായിരുന്നു ആ വാർത്ത. ഉപ്പു തിന്നവൻ വെള്ളം കുടിക്കുമെന്നു നാം പറയാറുണ്ടല്ലോ. എന്നാൽ, പ്ലാസ്റ്റിക് ചെറുകണികകൾ അടങ്ങിയ ഉപ്പു തിന്നാൽ വെള്ളം മാത്രമായിരിക്കില്ല കുടിക്കേണ്ടിവരിക. പ്ലാസ്റ്റിക് ചെറുകണികകൾക്കു ശാരീരിക പ്രവർത്തനങ്ങളെ താറുമാറാക്കാനും അതുവഴി മാരകമായ രോഗാവസ്ഥകളെ സൃഷ്ടിക്കാനും കഴിയും. ചികിത്സപോലുമി ല്ലാത്ത ഭീകരമായ രോഗാവസ്ഥകളിലേക്കു സമൂഹത്തെ കൊണ്ടുചെന്നെത്തിക്കുന്ന അപകടത്തിലേക്കാണ് നാം പോകുന്നത് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഉപ്പു മാത്രമല്ല, കടൽ ജീവികളിലും പ്ലാസ്റ്റിക്കി ന്റെ അംശം ഉണ്ടാകും. നാം കഴിക്കുന്ന മത്സ്യങ്ങളും സുരക്ഷിതമല്ല, ഉപയോഗിച്ചശേഷം നാം വലിച്ചെറിഞ്ഞതും പുറംതള്ളിയതുമായ പ്ലാസ്റ്റിക്കുകൾ നമ്മുടെ തീന്മേശയിലേക്കു എത്തുന്ന ചാക്രിക പ്രതിഭാസമാണിത്.

കൂടാതെ, പ്ലാസ്റ്റിക്കിലടങ്ങിയിട്ടുള്ള വിഷപദാർത്ഥങ്ങൾ പ്ലാസ്റ്റിക് സഞ്ചികളിൽ പൊതിഞ്ഞു വരുന്ന ഭക്ഷ്യ വസ്തുക്കളിലേക്കു എത്തപ്പെടുമെന്നും പഠനങ്ങൾ വ്യക്തമാകുന്നുണ്ട്.

ഇത്തരം മാലിന്യങ്ങൾ, പ്രകൃതിയിലെത്തിക്കഴിഞ്ഞാൽ തിരിച്ചു പിടിക്കുന്നതിനോ, അവയിൽ നിന്നും അന്തരീക്ഷത്തിലേ ക്ക് വമിക്കുന്ന രാസവസ്തുക്കളെ തടഞ്ഞു നിർത്തുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ, അവമൂലമുണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങളെ ചികിത്സിച്ചു ഭേദമാക്കാനോ സാധിക്കുകയില്ല എന്ന വസ്തുത നാം തിരിച്ചറിയേടത്തുണ്ട്. ഇവിടെയാണ്, കാലങ്ങളാ യി ഉയർന്നു കേൾക്കുന്ന ഗുണനിലവാരം കുറഞ്ഞ പ്ലാസ്റ്റികു കൾ നിരോധിക്കണം എന്ന ആശയത്തിന്റെ പ്രസക്തി. പല തവണ പ്ലാസ്റ്റിക് നിരോധിക്കപ്പെട്ടിട്ടും പൂർവാധികം ശക്തിയോടെ അവയെലാം വീണ്ടും ഉപയോഗത്തിലി രിക്കുന്ന സ്ഥലങ്ങളും കേരളമഹാരാജ്യത്തുണ്ട് എന്ന വസ്തുത നാം മറക്കരുത്. ഉപയോഗിക്കുവാനുള്ള സൗകര്യത്തെ ന്യായമായിക്കണ്ടു കുടപിടിക്കുന്ന നിയമ പരിപാലസംവിധാ നവും കുറ്റമറ്റതാക്കേണ്ടതുണ്ട്. യാതൊരു വിധത്തിലും കൈകാര്യം ചെയ്യാൻ പറ്റാത്ത വിധത്തിലാണ് ഇന്ന് ഇത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ നിലനിൽക്കുന്നത്. ഭാവിയിൽ വലിയആരോഗ്യ പരിസ്ഥിതി ദുരന്തത്തിനു കരണമാകാവുന്ന ഇവ കർശനമായി നിയന്ത്രിക്കാൻ സാധിക്കുന്നില്ല എങ്കിൽ, ഇവയുടെ ഉത്പാദനം, വിതരണം, വിപണനം, ഉപയോഗം എല്ലാംതന്നെ സമ്പൂർണ്ണമായി നിരോധിക്കുകയാണ് വേണ്ടത്. ഉപയോഗശേഷം വലിച്ചെറിയുന്ന സംസ്കാരത്തിന് അഭ്യസ്തവിദ്യരെന്നു അഹങ്കരിക്കുന്ന മലയാളികൾ അറുതി വരുത്തിയെ പറ്റൂ, ഒപ്പം തന്നെ ദീർഘകാലം ഉപയോഗിക്കാവുന്ന തുണി സഞ്ചികളിലേക്കും ഉയർന്ന ഗുണമേന്മയുള്ള, വീണ്ടും ഉപയോഗിക്കാവുന്ന, പുനഃചംക്രമണം ചെയ്യാവുന്ന ഉത്പന്നങ്ങളിലേക്കും മാറേണ്ടതുമുണ്ട്.

കൂടുതൽ ചിത്രങ്ങൾക്ക് ബ്ലോഗ് പോസ്റ്റ് കാണുക
https://dileepwayanad.blogspot.com/2018/11/blog-post_28.html